പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2178 11.06.2018 - ൽ മറുപടിയ്ക്ക്

## വൈപ്പിനിലെ ഡിമൻഷ്യ സെന്റർ

ചോദ്യം

ശ്രീ. എസ്.ശർമ്മ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ എടവനക്കാട് പ്രവർത്തിച്ചുവരുന്ന ഡിമൻഷ്യ സെന്ററിന്റെ മേൽനോട്ടവും ഭരണപരമായ ചുമതലയും ആർക്കാണെന്ന് വ്യക്തമാക്കാമോ; | (എ) | എടവനക്കാട് പ്രവർത്തിച്ചുവരുന്ന ഡിമൻഷ്യ സെന്ററിന്റെ മേൽനോട്ടവും ഭരണപരമായ ചുമതലയും സാമൂഹ്യനീതി വകുപ്പിനാണ് . |
| (ബി) | പ്രസ്തുത സെന്ററിന്റെ മേൽനോട്ടത്തിനായി ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവരുൾപ്പെടുന്ന കമ്മിറ്റി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ ഘടന വിശദമാക്കാമോ; | (ബി) | എടവനക്കാട് ഡിമൻഷ്യ കെയർ സെന്ററിന്റെ മേൽനോട്ടത്തിനായി ജില്ലാ കളക്ടർ ചെയർമാനായുള്ള മാനേജ്മെന്റ് കമ്മിറ്റി നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളാണ്.<br>1. ജില്ലാ സാമൂഹ്യനീതി ഓഫീസർ<br>2. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്<br>3. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ<br>4. ഗ്രാമപഞ്ചായത്ത് മെമ്പർ<br>5. വൈപ്പിൻ സി.ഡി.പി.ഒ<br>6. മട്ടാഞ്ചേരി പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് അസിസ്റ്റന്റ് എഞ്ചിനീയർ<br>7. പി.എച്ച്.സി മെഡിക്കൽ ഓഫീസർ<br>8. ARDSI സോഷ്യൽ വർക്കർ<br>9. സാമൂഹ്യപ്രവർത്തകർ (3 അംഗങ്ങൾ)<br>10. സ്ഥാപന സൂപ്രണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കമ്മിറ്റിയിൽ സ്ഥലം എം.എൽ.എ-യെ ഉൾപ്പെടുത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ക്ഷേമസ്ഥാപന മാനേജ്മെന്റ് കമ്മിറ്റികളിൽ എം.എൽ.എ മാരെ ഉൾപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |
| (ഡി) | പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങളുടെ കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | മാനേജ്മെന്റ് കമ്മിറ്റിയുടെ കാലാവധി 3 വർഷമാണ്. |
| (ഇ) | കാലാവധി കഴിഞ്ഞിട്ടുണ്ടെങ്കിൽ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | 2018 മേയ്-ൽ കാലാവധി പൂർത്തിയായിട്ടുണ്ട്. മാനേജ്മെന്റ് കമ്മിറ്റി പുനഃ സംഘടിപ്പിക്കുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ